# ആമുഖം

കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ മികച്ച സർക്കാർ വിദ്യാലയമാണ് പോരുവഴി ഗവ: ഹയർ സെക്കൻഡറി സ്കൂൾ. അക്കാദമിക നിലവാരത്തിൽ ജില്ലയിൽ മുൻനിരയിൽ നിൽക്കുന്ന ഈ സ്കൂളിൽ പാഠ്യേതര വിഷയങ്ങൾക്കും തുല്യ പ്രാധാന്യം നൽകി വരുന്നു. 1179 കുട്ടികൾ ഹൈസ്കൂൾ വിഭാഗത്തിൽ പഠിക്കുന്നുണ്ട്. പ്രീപ്രൈമറിയും ഹയർസെക്കൻഡറിയും കൂടിച്ചേർന്ന് 1500 ഓളം കുട്ടികൾ നിലവിലുണ്ട്. എസ്. എസ്. എൽ. സി, പ്ലസ് ടു പരീക്ഷകളിൽ വർഷങ്ങളായി ഉന്നത വിജയം നേടി വരുന്ന ഈ സ്കൂളിൽ ഇത്തവണയും എസ്. എസ്. എൽ. സി പരീക്ഷയ്ക്ക് 100% വിജയവും നിരവധി കുട്ടികൾക്ക് ഫുൾ A+ വിജയവും കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകൾക്കായി കുട്ടികൾക്ക് മികച്ച പരിശീലനം നൽകുന്നതിനാൽ കുട്ടികൾക്ക് ഉന്നത വിജയം നേടുവാനും അതിലൂടെ സ്കൂളിന്റെ യശസ്സ് ഉയർത്തുവാനും സാധിച്ചിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരു പോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive Education) എന്ന ആശയത്തെ മുൻ നിർത്തി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. ഭിന്നശേഷി സൗഹൃദ മാതൃക സ്കൂൾ ആയി തെരഞ്ഞെടുക്കപ്പെട്ട സ്കൂളിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേക ക്ലാസ്സ് മുറി, പെൺകുട്ടികളുടെ ആത്മധൈര്യം, സ്വയം പ്രതിരോധശേഷികൾ ഇവ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള യോഗ, കരാട്ടെ പരിശീലനങ്ങൾ, വിദ്യാർത്ഥികളിലെ കായികക്ഷമതയും ഒപ്പം ഊർജ്ജസ്വലതയും വർദ്ധിപ്പിക്കുകയും അതിലൂടെ പാഠ്യ വിഷയങ്ങളിൽ മികവിലെത്തിക്കാൻ പര്യാപ്തമാക്കുകയും ചെയ്യുക എന്ന് ലക്ഷ്യമിട്ട് ആരംഭിച്ച ടാലന്റ് ലാബ്, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ എന്നിവ ഈ സ്കൂളിന്റെ മാത്രം പ്രത്യേകതകളാണ്. കുട്ടികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് ഫലപ്രദമായ കൗൺസിലിംഗ് നൽകി മികച്ച പഠനത്തിന് സാഹചര്യം ഒരുക്കുന്നു.

അക്കാദമിക മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും, അതിനനുസരിച്ചുള്ളപ്രവർത്തനങ്ങളുമാണ്. അക്കാദമിക മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി. റ്റി. എ, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാപഞ്ചായത്ത് തുടങ്ങിയവരുടെ പൂർണ്ണമായ സഹകരണം ഉറപ്പു വരുത്തുവാൻ കഴിയുന്നു. കൂടാതെ ജൈവ പച്ചക്കറിത്തോട്ടം, വിദ്യാവനം പദ്ധതി, വിവിധയിനം ഫലവൃക്ഷങ്ങൾ എന്നിവയാൽ പച്ചപ്പണിഞ്ഞ സ്കൂൾ ക്യാമ്പസ്, മികച്ച പഠനാന്തരീക്ഷം തന്നെ സൃഷ്ടിക്കുന്നു. സ്കൂൾ തന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

# ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ- പോരുവഴി

## ചരിത്രം

പോരുവഴി ശൂരനാട് തെക്ക് ശൂരനാട് വടക്ക് പഞ്ചായത്തുകളുടെ സംഗമ സ്ഥാനമായ ചക്കുവള്ളിയിൽ 1901-ൽ ആരംഭിച്ച വിദ്യാലയം 132 വർഷത്തെ ചരിത്രവും സംസ്കാരവും ഉയർത്തിപ്പിടിച്ചുകൊണ്ട് പോരുവഴി ഗവ. ഹയർ സെക്കൻഡറി സ്കൂൾ ആയി നിലനിൽക്കുന്നു. പ്രൈമറി വിദ്യാലയമായി തുടങ്ങിയ സ്കൂൾ 1974 ഹൈസ്കൂളായും തുടർന്ന് 2003-ൽ ഹയർസെക്കൻഡറിയായും ഉയർത്തപ്പെടുകയുണ്ടായി. തുടർച്ചയായി കൊല്ലം ജില്ലയിലെ മികച്ച സർക്കാർ വിദ്യാലയം എന്ന ഖ്യാതി നിലനിർത്തുന്ന പോരുവഴി ഗവ. ഹയർ സെക്കൻഡറി സ്കൂൾ 2019-ൽ കൊല്ലം ജില്ലയിലെ മികച്ച പി.ടി.എ.യ്ക്കുള്ള അവാർഡ്, ISO സർട്ടിഫിക്കേഷൻ എന്നിവയ്ക്ക് അർഹമായി. സബ്ജില്ലാ കലോത്സവങ്ങളിൽ അറബിക് എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങളിൽ തുടർച്ചയായി ഓവറോൾ ചാമ്പ്യൻഷിപ്പ്, കായികമേളയിൽ മികച്ച സ്ഥാനം, ദേശീയ ചെസ്സ് ചാമ്പ്യൻഷിപ്പിൽ സജീവ സാന്നിധ്യം എന്നിങ്ങനെ പോരുവഴിയുടെ വിജയകിരീടത്തിലെ പൊൻ തൂവലുകൾ നിരവധിയാണ്.

## ഗവ. ഹയർസെക്കണ്ടറി സ്കൂൾ പോരുവഴി - ഇന്ന്

LP, UP, HS വിഭാഗങ്ങളിലായി 1197 കുട്ടികളും, 48 അധ്യാപകരും, 5 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ്. പച്ചപ്പ് നിറഞ്ഞ പ്രകൃതി രമണീയത നിറഞ്ഞ സ്കൂൾ ക്യാമ്പസ് ഏതൊരാളിനെയും ആകർഷിക്കും.

അക്കാദമിക നിലവാരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന പോരുവഴി ഗവ: ഹയർസെക്കൻഡറി സ്കൂൾ കൊല്ലം ജില്ലയിലെ മികച്ച സർക്കാർ വിദ്യാലയമാകുന്നു. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ ഏറെ മികവ് പുലർത്തുന്ന സ്കൂളിന്റെ നൂതനവും വ്യത്യസ്തവുമായ പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## അക്കാദമികം - നേട്ടങ്ങൾ

വിജയ ശതമാനത്തിലും ഫുൾ A+ ലും ഒന്നാം സ്ഥാനം കൈവരിക്കുന്ന സർക്കാർ വിദ്യാലയമാകാൻ പോരുവഴി ഗവ. എച്ച്. എസ്. എസിന് സാധിക്കുന്നു. LSS/USS,NMMS പോലുള്ള മത്സര പരീക്ഷകളിൽ ജില്ലയിലെ ഇതര സ്കൂളുകളേക്കാൾ മികച്ച വിജയം കൈവരിക്കാൻ ഉതകുന്ന തരത്തിലുള്ള പരിശീലനവും അതിലൂടെ മത്സര പരീക്ഷകളിൽ ഉയർന്ന വിജയവും സാധ്യമാക്കി തീർക്കുന്നു. SPC, സ്കൗട്ട്, JRC, ലിറ്റിൽ കൈറ്റ്സ്, NSS തുടങ്ങിയ സന്നദ്ധ സംഘടനകളിലെ പ്രവർത്തനം കുട്ടികളിൽ സേവന മനോഭാവവുംകൂട്ടുത്തരവാദിത്വവും വർദ്ധിപ്പിക്കുന്നതിന് സഹായകമായി തീരുന്നു. നിരവധി കുട്ടികളെ സംസ്ഥാന തല ശാസ്ത്രമേളകളിൽ എത്തിക്കാൻ നമ്മുടെ സ്കൂളിന് സാധിച്ചിട്ടുണ്ട്.

മികച്ച കായികക്ഷമതയുള്ള ധാരാളം കുട്ടികൾ നമ്മുടെ വിദ്യാലയത്തിന് മുതൽക്കൂട്ടായിട്ടുണ്ട്. വർഷങ്ങളായി സബ്ജില്ലാ സ്പോർട്ട്സ് ചാമ്പ്യന്മാരായി പോരുവഴി ഗവ: എച്ച്. എസ് .എസ് തുടരുന്നു.

## അക്കാദമികം - പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്നിരിക്കെ സ്കൂൾ അക്കാദമിക കാര്യങ്ങളിൽ ഇനിയും കുറെയധികം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഐ. റ്റി ലാബിൽ പലപ്പോഴും ഇന്റർനെറ്റ് സൗകര്യം ലഭിക്കാതെ വരുന്നത് ഒരു പരിമിതിയായി തുടരുന്നു. ഗണിത ലാബ്, സാമൂഹ്യ ശാസ്ത്രലാബ് എന്നിവ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. സയൻസ് വിഷയങ്ങൾക്കു വേണ്ടി ഒരു പൊതുവായ ലാബ് മാത്രമാണുള്ളത്. അത് സ്ഥലപരിമിതി കൊണ്ട് ബുദ്ധിമുട്ടുന്നതുമാണ്. കുട്ടികളിലെ അന്വേഷണാത്മകത, പ്രവർത്തിച്ചു പഠിക്കുക എന്നിവ പൂർണ്ണമായും സാർത്ഥകമാകണമെങ്കിൽ ശാസ്ത്ര വിഷയങ്ങൾക്കായി പ്രത്യേകം ലാബ് സൗകര്യം ഒരുക്കേണ്ടത് അത്യാവശ്യമാണ്. ഈ വക കാര്യങ്ങൾക്കായി ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ടുകൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കായികരംഗത്ത് കുട്ടികൾക്ക് മതിയായ പരിശീലനം ലഭ്യമാക്കുന്നതിനാവശ്യമുള്ള സ്പോർട്സ് കിറ്റുകളുടേയും മറ്റും അഭാവം നമ്മുടെ സ്കൂളിനുണ്ട്. ആയത് ലഭ്യമാക്കുന്നതിനും അതിലൂടെ മികച്ച കായിക താരങ്ങളെ വാർത്തെടുക്കുന്നതിനും നമുക്ക് സാധിക്കണം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം ലഭിക്കേണ്ടതായിട്ടുണ്ട്.

പുതിയ പാഠ്യപദ്ധതിയിൽ സംയോജിത വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകി വരുന്നു. വ്യത്യസ്ത ശേഷിയുള്ള കുട്ടികളെ പ്രത്യേക പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലൂടെ പ്രത്യേകമായി പരിഗണിച്ചുകൊണ്ടും തുല്യ നീതി ഉറപ്പുവരുത്തുന്ന വിധത്തിലുമാണ് പുതുക്കിയ പാഠ്യപദ്ധതി നിലവിൽ വന്നിട്ടുള്ളത്. വ്യത്യസ്ത ശേഷികളുള്ള കുട്ടികളെ കണ്ടെത്തുന്നതിനും അവരുടെ വ്യത്യസ്തങ്ങളായ കഴിവുകളെ ഭാവി ജീവിതത്തിന് ഉതകുംവിധം പ്രയോജനപ്പെടുത്താനും സാധിക്കണമെങ്കിൽ സ്കൂളുകളിൽ അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നാം ഒരുക്കേണ്ടതുണ്ട്. ഉദാഹരണത്തിന് വയറിംഗ്, പ്ലംബിംഗ്, തടിപ്പണികൾ, തുന്നൽ, തുണികളിൽ ചിത്രം വരയ്ക്കൽ, എംബ്രോയിഡറി തുടങ്ങിയവയിൽ താല്പര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായുള്ള വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കാൻ സാധിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇവ സംഘടിപ്പിക്കുന്നതിനായുള്ള ശ്രമങ്ങൾ ലക്ഷ്യമിടുന്നു.

## ഭൗതികം – നേട്ടങ്ങൾ

നിലവിൽ ഹൈസ്കൂൾ വിഭാഗത്തിലെ എല്ലാ ക്ലാസ്സ്മുറികളും (13) ഹൈടെക് സംവിധാനം ഉള്ളവയാണ്.

കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായി ലൈബ്രറി സംവിധാനം പ്രത്യേകമായി ഒരുക്കിയിട്ടുണ്ട്. ടി ലൈബ്രറി 97 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്താൽ നവീകരിക്കാനും മോടിപിടിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ഗ്രന്ഥപ്പുര എന്ന പ്രോജക്ടിലൂടെ വിദ്യാർത്ഥികൾക്ക് റഫറൻസിനുവരെ ഉതകുന്ന തരത്തിലുള്ള പ്രയോജനപ്രദമായ ധാരാളം പുസ്തകങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

പെൺകുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റും വിശ്രമിക്കുന്നതിനായി ഗേൾസ് ഫ്രണ്ട്ലി റൂം സജ്ജീകരിച്ചിട്ടുണ്ട്.

10 കമ്പ്യൂട്ടറുകളും 13 ലാപ്ടോപ്പുകളും ഉള്ള എച്ച്. എസ് വിഭാഗം ഐ ടി ലാബ് സ്കൂളിന്റെ മികവാണ്.

സ്കൂളിനായി സ്റ്റേജ്, ഭോജനശാല, എന്നിവ മുൻവർഷങ്ങളിൽ നിർമ്മിക്കുകയുണ്ടായി.

മുൻ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച മൂന്നു കോടിയുടെ കെട്ടിടത്തിനുള്ള നിർമ്മാണാനുമതി ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതും വരും വർഷങ്ങളിൽ ക്ലാസ്സ് റൂം അപര്യാപ്തത ഇല്ലാതാക്കുമെന്നത് സ്വാഗതാർഹമാണ്.

ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിനു മുന്നിൽ ടൈൽ പാകിയതിലൂടെ ദീർഘകാലമായി അനുഭവിച്ചുകൊണ്ടിരുന്ന വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കാൻ സാധിച്ചു. ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചതിലൂടെ സ്കൂളിലെ ഭക്ഷണ മാലിന്യത്തിന് ശാശ്വത പരിഹാരം ലഭിച്ചു-

ഭൗതികം - പരിമിതികൾ

യു. പി വിഭാഗം ക്ലാസ് മുറികൾ ഹൈടെക് സംവിധാനത്തിലേക്ക് മാറ്റിയിരിക്കുന്നു. സ്കൂൾ ലൈബ്രറിയിൽ ആറായിരത്തിലധികം പുസ്തകങ്ങൾ ഉണ്ടെങ്കിലും അത് ശരിയായവിധം പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യമോ കുട്ടികൾക്ക് വന്നിരുന്ന് വായിക്കുന്നതിനുള്ള സൗകര്യമോ ഇല്ല എന്നത് തികച്ചും ഖേദകരമാണ്. ആയതിനാൽ പുതിയ ഒരു റീഡിംഗ് റൂം അനിവാര്യമാണ്. മാറി വരുന്ന കാലത്തിനനുസൃതമായി ലൈബ്രറി ഡിജിറ്റലൈസ് ചെയ്യേണ്ടത് അത്യാവശ്യമാണ്. അതിനായി കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും അനിവാര്യമാണ്.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനായി ഭോജനശാല നിർമ്മിച്ചുവെങ്കിലും ക്ലാസ്സ് മുറികളുടെ അപര്യാപ്തത പരിഹരിക്കാൻ ആയി ഭോജനശാലയെ എൽ. പി. വിഭാഗം ക്ലാസ്സ് മുറിയായി ഉപയോഗിക്കുകയാണ്. പുതിയ കെട്ടിടം എത്രയും വേഗം നിർമ്മിക്കുകയും പ്ലേറ്റ്, ഗ്ലാസ്സ്, ഫർണിച്ചറുകൾ എന്നിവ ഭോജനശാലയിലേക്കായി എത്രയും വേഗം ലഭ്യമാക്കുകയും വേണം.

സ്കൂളിന് ഒരു സ്റ്റേജ് നിർമ്മിച്ച് കിട്ടിയിട്ടുണ്ടെങ്കിലും സ്കൂൾ ആഡിറ്റോറിയം എന്നത് ഒരു സ്വപ്നമായി അവശേഷിക്കുന്നു. ആഡിറ്റോറിയം ഇല്ലാത്തതിനാൽ സ്കൂളിലെ പൊതു പരിപാടികൾ സംഘടിപ്പിക്കുമ്പോൾ പന്തലിനും മറ്റുമായി വർഷാവർഷം വലിയൊരു തുക ചെലവഴിക്കേണ്ടി വരുന്നു. ജനപ്രതിനിധികളുടെ വാർഷിക പദ്ധതി ഫണ്ടിൽ നിന്നും എത്രയും വേഗം സ്കൂളിന് ഒരു ആഡിറ്റോറിയം അനുവദിച്ചു കിട്ടേണ്ടതുണ്ട്.

സ്കൂളിന് നിലവിൽ ഒരു ബസ് ആണുള്ളത്. എല്ലാ കുട്ടികൾക്കും ആവശ്യമായ യാത്രാസൗകര്യം ഒരുക്കി കൊടുക്കുന്നതിന് ഇത് പര്യാപ്തമല്ല. ആയതിനാൽ ഒരു ബസ് കൂടി സ്കൂളിന് അനുവദിച്ചു കിട്ടേണ്ടത് അത്യാവശ്യമാണ്.

സ്കൂളിൽ വളരെ വർഷങ്ങൾക്കു മുൻപ് തന്നെ CCTV ക്യാമറകൾ സ്ഥാപിക്കാൻ സാധിച്ചിരുന്നു. എന്നാൽ നിലവിൽ അവ പ്രവർത്തനക്ഷമമല്ലാത്തത് പ്രവർത്തനയോഗ്യമാക്കേണ്ടതുണ്ട്. ക്യാമറ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ പി. ടി. എ യുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

## സാമൂഹികം

### നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സാമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിലെ ബന്ധിപ്പിക്കുന്നു.സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷ തൈതകൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചു പറ്റിയവയുമാണ്.

### പരിമിതികൾ

ക്ലബ്ബുകളുടെ പ്രവർത്തനബാഹുല്യംകൊണ്ട് പഠനസമയം കൂടുതൽ നഷ്ടമാകുന്ന തിനാൽ ചില പ്രവർത്തനങ്ങൾ എങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി നിലനിൽ ക്കുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

* ചിന്താശേഷി വികസനം
* ഇംഗ്ലീഷ് പഠനം - ലഘൂകരിക്കൽ
* ഗണിതശേഷി വികസനം
* വായനാശേഷി വർദ്ധിപ്പിക്കൽ
* ശാസ്ത്രപോഷണ പരിപാടി
* ലബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം
* ഗണിത പൂന്തോട്ടം
* പ്രതിഭാപോഷണ പരിപാടി
* ലൈബ്രറി ശാക്തീകരണം
* ജൈവ-വൈവിധ്യ പാർക്ക് ഒരുക്കൽ
* ഔഷധതോട്ട നിർമ്മാണം
* സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
* പഠന-വിനോദയാത്രകൾ
* സ്കൂൾ മാഗസീൻ
* അധ്യാപക ശാക്തീകരണം (സ്കൂൾ SRG)
* പ്രവൃത്തി പരിചയ പരിശീലനം - ബുക്ക് ബയന്റിംഗ്, ചോക്ക് നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം.
* കലാപരിപോഷണം
* പച്ചക്കറിത്തോട്ടം
* സാഹിത്യ ശില്പശാലകൾ
* മെഡിക്കൽ ക്യാമ്പുകൾ
* പ്രഭാത ഭക്ഷണം
* ഭാഷ ലാബ് പ്രവർത്തനം വിപുലമാക്കൽ
* ദിനാചരണങ്ങൾ
* കായിക ശേഷി വികസനം
* ജന്മദിന പുസ്തകം - വായനക്കുറിപ്പ് എല്ലാ അസംബ്ലിയിലും
* ഐടി പഠനം കാര്യക്ഷമമാക്കൽ
* ചിത്രരചന ക്യാമ്പ്
* ശാസ്ത്രരംഗം - വിവിധ മേളകൾ
* ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ
* ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

# LEAP പ്രോഗ്രാം

2024-25 അക്കാദമിക വർഷത്തെ തനത് പ്രവർത്തനമാണ് LEAP എസ്. എസ്. എൽ. സി വിദ്യാർത്ഥികളിലെ ഭാഷാപരമായും ഗണിത ക്രിയകളിലുമുള്ള പിന്നാക്കാവസ്ഥ പരിഹരിച്ച് അവരെ മികവിലേക്ക് എത്തിക്കുന്നതിനായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വിജയംകണ്ട പ്രവർത്തനമാണിത്. Language Enrichment and Arithamatic Achievement Programme എഴുത്തിലും വായനയിലും ചതുഷ്ക്രിയകളിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ സാമാന്യശേഷികൾ കൈവരിക്കാൻ പ്രാപ്തരാക്കുന്നതിനായി ഭക്ഷ്യമേള എന്ന തീം സ്വീകരിച്ച് SRG യുടെ നേതൃത്വത്തിൽ മൊഡ്യൂൾ തയാറാക്കി, പഠനസംവിധാനങ്ങളൊരുക്കി ലഘു ഭക്ഷണം കൂടി നൽകിക്കൊണ്ടാണ് സ്കൂൾ പദ്ധതി നടപ്പിലാക്കിയത്. ടി പദ്ധതി യു. പി. വിഭാഗത്തിലും നടപ്പിലാക്കിയിരുന്നു.

പദ്ധതി വിജയകരമായിരുന്നതിനാൽ ഇതേ പദ്ധതി എച്ച്. എസ് വിഭാഗത്തിലെ പിന്നാക്കക്കാരായ എല്ലാ കുട്ടികൾക്കുമായി 2025-26 അധ്യയന വർഷവും നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

## <u>സമഗ്ര ഗുണമേന്മ പദ്ധതി</u>

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസംഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ചിരിക്കുന്നത്. നമ്മുടെ സ്കൂളിലും പ്രസ്തുത പദ്ധതിയിലൂന്നിയുള്ള അക്കാദമിക പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

- സ്കൂൾ എസ്. ആർ. ജി വഴി സമയബന്ധിതമായ അക്കാദമിക പ്രവർത്തനം ആസൂത്രണം ചെയ്യുക.
- ഓരോ ക്ലാസ്സിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- കുട്ടികൾക്ക് വേണ്ട പഠന പിന്തുണ പരിപാടികൾ സംഘടിപ്പിക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ (ഭിന്നശേഷിക്കാർ, എസ്. സി/എസ്. ടി വിഭാഗക്കാർ) എന്നിവർക്കുള്ള പദ്ധതികൾ
- കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പഠന പരിപോഷണ പരിപാടികൾ
- നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തൽ

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സമഗ്ര പുരോഗതി നേടിയെടുക്കാൻ ശ്രമിക്കുന്നു.

## വർണ്ണക്കൂടാരം പദ്ധതി

അന്താരാഷ്ട്ര നിലവാരവും പ്രാദേശിക പ്രസക്തവുമായ പ്രീ സ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം പ്രീ പ്രൈമറി സ്കൂളുകളിൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് വർണ്ണക്കൂടാരം. പത്ത് ലക്ഷം രൂപയാണ് പദ്ധതി നടത്തിപ്പിനായി സർക്കാർ നൽകി വരുന്നത്.

2024-25 അധ്യയന വർഷത്തിനൊടുവിൽ പോരുവഴി ഗവ: ഹയർ സെക്കണ്ടറി സ്കൂളിലും പദ്ധതി അനുവദിച്ചിരുന്നു. നിർഭാഗ്യവശാൽ ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് പദ്ധതിയുടെ നിർവ്വഹണാനുമതി ഔദ്യോഗികമായി ലഭിക്കാതിരുന്നതിനാൽ പ്രസ്തുത പദ്ധതി നമുക്ക് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2025-26 അധ്യയന വർഷത്തിൽ വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കുന്നതിലൂടെ നമ്മുടെ കുരുന്നുകൾക്ക് സന്തോഷത്തോടെയും അവരുടെ അഭിരുചിക്കനുസരിച്ചും കളികളിൽ ഏർപ്പെടാൻ കഴിയുന്ന വിശാലവും ശിശു സൗഹൃദവുമായ പ്രവർത്തന ഇടങ്ങൾ ഒരുക്കി കൊടുക്കുവാനും അതിലൂടെ തന്റെ ചുറ്റുപാടുകളുമായും മറ്റുള്ളവരുമായും ഇടപെടാനും അനുഭവങ്ങൾ നേടാനുമുള്ള അവസരമൊരുക്കി കൊടുക്കാനും അവരുടെ ഭാവി ജീവിതം ഏറ്റവും മികവുറ്റതാക്കാനും നമുക്ക് സാധിക്കട്ടെ എന്നാശിക്കുന്നു.

**ഉപമേഖല - മലയാളം**

**പ്രവർത്തനം 1 - ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ ക്കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം- 1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA 10,00,000/-<br>-<br>-<br>- |

**ഉപമേഖല:**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
|---|---|---|---|---|
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന – പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | " | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം | ദിവസേന | | PTA |
| | പത്ര ക്വിസ് | ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം SRG | PTA 15000/- Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | സാഹിത്യകാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം SRG | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |

## പ്രവർത്തനം - വിശദാംശങ്ങൾ

| | | | | |
|---|---|---|---|---|
| **ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം<br>പ്രവർത്തനം 1 - ഭാഷാശേഷി വികസനം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി. മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ദിവസവും.- തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |
| **ഉപമേഖല: ഇംഗ്ലീഷ്<br>പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ. പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ. | മാസത്തിൽ രതിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |
| | 3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| | 4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | 2 മാസത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

## ഹിന്ദി

### മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതു പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉ ാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | | ഹിന്ദി ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ് |
| | 2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | | |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊണ്ട് ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വിവിധ ശേഷി കളുടെവികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

## ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം | | | |
| | തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

## ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ | വർഷത്തിൽ 1 തവണ | SS Teachers | - |
| | പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | ആഴ്ചയിൽ 1 തവണ | - | - |

| ഉപമേഖല: ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം - അവധിക്കാലത്ത്. | പി.ടി.എ, ഗണിത ടീച്ചർ | 2,00,000/- |
| | 2). ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ-ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ | 2000/- പി.ടി.എ. |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2). ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | - |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | - |

| മേഖല - അക്കാദമികം - സാമൂഹികം<br>ഉപമേഖല: CPTA ശക്തിപ്പെടുത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതാരണം CPTA യിൽ. | 1 വർഷത്തിൽ മാസത്തിൽ ഒരിക്കൽ | SRG, ക്ലാസ് ടീച്ചർ | - |

| മേഖല - അക്കാദമികം - സാമൂഹികം<br>ഉപമേഖല: പ്രാദേശിക പി.ടി.എ (കോർണർ പി.ടി.എ) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പ്രാദേശിക പി.ടി.എ. രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തലും | SSLCക്ക് മികച്ച വിജയം നേടുന്നതിന്, 10-ാംതരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ.യോഗങ്ങൾ ചേരൽ | വർഷത്തിൽ 3 പ്രാവശ്യം തുടക്കത്തിലും ഡിസംബർ ജനുവരി മാസങ്ങളിലും | PTA, SRG | PTA<br>5000 for Refreshment |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | **വർഷത്തിൽ 1 തവണ** | സയൻസ് ക്ലബ്ബ് |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് |
| 3. <u>ശാസ്ത്രലാബ് നവീകരണം</u><br>ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MP ഫ - |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- P |

## ഉപമേഖല : പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ മുറ്റത്ത് ഔഷധത്തോട്ടം | ഔഷധ സസ്യങ്ങളെയും ഔഷധ സസ്യങ്ങളുടെ പ്രാധാന്യവും തിരിച്ചറിയൽ എല്ലാ സസ്യങ്ങൾക്കും നാമകരണം | 3 മാസം | ഇക്കോ ക്ലബ്ബ് | പി.ടി.എ 2000/- |
| വിദ്യാവനം വിപുലപ്പെടുത്തൽ | സ്കൂൾ ക്യാമ്പസിൽ ഫോറസ്റ്റ് ഡിപ്പാർട്ടു മെന്റിന്റെ സഹായത്താൽ നിർമ്മിച്ച വിദ്യാവനം വിപുലപ്പെടുത്തൽ. വനവൃക്ഷങ്ങളെ പരിചയപ്പെടൽ, പരിസ്ഥിതി അവബോധം സൃഷ്ടിക്കുക. | 1 വർഷം | ഫോറസ്റ്റ് ക്ലബ്ബ് | ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് |
| സ്കൂൾ മുറ്റത്തെ വൃക്ഷപരിപാലനം | സ്കൂൾ മുറ്റത്തെ വൃക്ഷങ്ങൾക്ക് പൂർണ്ണ സംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോ ക്ലബ്ബ് | |

# ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ | 6 മാസം | ജനപ്രതിനിധികൾ<br>പൂർവ്വവിദ്യാർത്ഥികൾ<br>10,00,000/- |

## ഉപമേഖല: കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ<br>എ).ഫുട്ബോൾ, [illegible] പരിശീലനം. | എല്ലാ ദിവസവും രാവിലെയും വൈകിട്ടും അവധി ദിവസങ്ങളിലും 1 വർഷം | കായികാധ്യാപകൻ | പി.ടി.എ., 50,000/- |
| | രാവിലെയും വൈകിട്ടും ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാലം | കായികാധ്യാപകൻ | - |

## ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | ചിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ വാസനകളെ പരി പോഷിപ്പിക്കൽ. | •കുട്ടികളുടെ സർഗ വാസനകൾ കണ്ടെ ത്തുകയും അവ പരി പോഷിപ്പിക്കുകയും ചെയ്യുക.<br>•സംഗീതം, നൃത്തം, അഭിനയം, കഥാരച ന, കവിതാരചന, കവി താലാപനം, ഉപക രണ സംഗീതം തുട ങ്ങി വ്യത്യസ്തങ്ങ ളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാ സനകൾ പരിപോഷി പ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപ കർ, എസ്.ആർ.ജി | ജൂൺ മുതൽ 2 വർഷം | പി.ടി.എ. 1,00,000/- |

## ഉപമേഖല : കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ.<br>•കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളിബോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ. സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | കായികാധ്യാപകൻ | ജൂൺ മുതൽ എല്ലാ ദിവസവും 2 വർഷം | പി.ടി.എ.<br>ഡെ ബോർഡിംഗ് സ്കീം |

**ഉപമേഖല: പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

**ഉപമേഖല: കലാരംഗം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | PTA 10,000/- |

**ഉപമേഖല: ORC**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ORC ട്രെയിനിംഗ് സഹവാസ ക്യാമ്പുകൾ | ORC ട്രെയിനിംഗിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിംഗ് ക്ലാസ്സുകളും. | 6 മാസത്തിൽ ഒരിക്കൽ | ORC,Nodel Teacher | 50,000/- സാമൂഹ്യ നീതി വക |

**ഉപമേഖല: സ്വയം തൊഴിൽ നൈപുണി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്ത |
|---|---|---|---|---|
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി സൗജന്യ തുന്നൽ പരിശീലനം. | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം. 2 വർഷം | സീനിയർ അസിസ്റ്റന്റ് | പി.ടി. 1 വർ 40,00 |

## ഉപസംഹാരം

പോരുവഴി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികസനമാണ് വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും, സമൂഹത്തിന്റെയും, ജനപ്രതിനിധികളുടെയും, പൂർവ്വ വിദ്യാർത്ഥികളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായംകൊണ്ടും സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമ വിശ്വാസം ഞങ്ങൾക്കുണ്ട്.